# മരണം കാത്ത് കാത്ത് നിളയുടെ വഴികൾ

സി. നാരായണൻ

വള്ളുവനാടിന്റെ ജലഞ്ഞെരമ്പിനെ നിളയെന്നും പേരാറെന്നും ചെല്ലപ്പേരുള്ള ഭാരതപ്പുഴ ജലഞ്ഞെരമ്പാണെന്ന വിശേഷണമൊട്ടും അത്യുക്തിയല്ല കാരണം കേരളത്തിന്റെ ഭൂവിസ്തൃതിയിൽ ഒമ്പതിലൊരുഭാഗം ഉൾക്കൊള്ളുന്നതാണ് നിളാതടം. സംസ്ഥാനത്തെയാകെ ജനസംഖ്യയുടെ എട്ടിലൊരുഭാഗത്തിനും ഭാരതപ്പുഴയുടെ പ്രയോജനം ലഭിക്കുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലായി 173 ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാനജലസ്രോതസ്സാണ് കേരളത്തിൽ നീളത്തിൽ രണ്ടാംസ്ഥാനമുള്ള നിള.

എന്നാൽ ഇന്ന് ജലസമൃദ്ധമായ ഭാരതപ്പുഴ ആൽബങ്ങളിലെ പഴയ ചിത്രങ്ങളിലും പഴയ തലമുറയുടെ മനസ്സിലും മാത്രം. 'ഇവിടെ പണ്ടൊരു പുഴയുണ്ടായിരുന്നു' എന്ന പരസ്യപലക വെക്കണമെന്നാണ് എം.ടി. എഴുതിയത്. മഴക്കാലം മാറുംമുമ്പേ തന്നെ നിള മരുഭൂമിയായി മാറുന്നതാണ് ഒരു വ്യാഴവട്ടമായി കാണുന്നത്.

എന്താണ് ഇതിനു കാരണം? അന്വേഷിക്കുമ്പോൾ രസകരമായ കാര്യങ്ങളാണ് പുറത്തുവരിക. പ്രധാനമായ ഒന്ന് തമിഴ്നാട് കേരളത്തിനോട്ടുകാട്ടുന്ന വഞ്ചനയാണ്. ഭാരതപ്പുഴയിലും പോഷകനദികളിലുമായി ആകെ 14 അണക്കെട്ടുകളുണ്ട്. ഇതിൽ 13 എണ്ണവും കേരളത്തിന്റെ മണ്ണിലാണ് പണിതിട്ടുള്ളത്. പക്ഷെ 9 എണ്ണത്തിന്റെ നിയന്ത്രണം മാത്രമെ കേരളത്തിനുള്ളൂ. ബാക്കി 5 എണ്ണത്തിന്റെ പൂർണ്ണനിയന്ത്രണവും ഉപയോഗവും തമിഴ്നാട്ടിനാണ്. അതേസമയം ഭാരതപ്പുഴയുടെ വൃഷ്ടി ദേശത്തിന്റെ 75 ശതമാനവും കേരളത്തിലാണുതാനും.

കഴുത്തിനുതന്നെ കുരുക്കിട്ട് ശ്വാസം മുട്ടിക്കുന്നതുപോലെ, ഭാരതപ്പുഴക്ക് മരണം ഒരുക്കിയത് ഒരു അന്തർസംസ്ഥാന നദീജലകരാറാകുന്നു. പി.എം.പി എന്ന ചുരുക്കപ്പേരിലുള്ള 'പറമ്പിക്കുളം അളിയാർ പ്രൊജക്ട് എഗ്രിമെന്റ്' തമിഴ്നാടുമായി ഭാരതപ്പുഴയുടെ വൃഷ്ടി പ്രദേശത്തെ (ഭാരതപ്പുഴക്ക് തമിഴ്നാട്ടിലെ തുടക്കത്തിൽ, അളിയാർ എന്നാണ് പേര്) വെള്ളം പങ്കിടുന്ന കരാറാണിത്. 1958 മുതൽ മുൻകാലപ്രാബല്യത്തോടെ 1970ൽ ഒപ്പിട്ട കരാർ കാലാവധി കഴിഞ്ഞ് 13 വർഷമായെങ്കിലും ഇപ്പോഴും പുതുക്കിയിട്ടില്ല എന്നു മാത്രമല്ല നിലവിലുള്ള കരാർ തന്നെ കടുത്ത വഞ്ചനയാണെന്ന് സംസാരിക്കുന്ന കണക്കുകൾ സാക്ഷിയാണ്. 26882 ദശലക്ഷം ക്യൂബിക് അടി ഭാരതപ്പുഴവെള്ളത്തിൽ 7250 ദശലക്ഷം ക്യൂബിക് അടി വെള്ളം മാത്രമാണ് ചിറ്റൂർ പുഴയിലേക്ക് നൽകാനായി കരാറിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതുപോലും കഴിഞ്ഞ വർഷങ്ങളിൽ നമുക്കുകിട്ടിയിട്ടുമില്ല.

പി.എ.പി കരാർ ജലസേചനം, കുടിവെള്ളം എന്നിവ മാത്രമല്ല വൈദ്യുതികൂടി പങ്കുവെക്കാനുള്ളതാണ്. പറമ്പിക്കുളം പ്രൊജക്ടിലെ കടമ്പാറ സർക്കാർ വൈദ്യുതിനിലയങ്ങളിൽ നിന്നും 600 മെഗാവാട്ട് വൈദ്യുതി തമിഴ്നാട് ഉല്പാദിപ്പിക്കുന്നുണ്ട്. പക്ഷെ കേരളത്തിന് പങ്കൊന്നും ലഭിക്കുന്നില്ല. തിരുമൂർത്തിയിൽ മറ്റൊരു വൈദ്യുതി നിലയം കൂടി നിർമ്മിച്ചു കഴിഞ്ഞു. കേരളം അറിയാതെ നിർമ്മിച്ച 50 കി.മി. നീളമുള്ള കോണ്ടൂർ കനാലിലൂടെ 5250 ദശലക്ഷം ക്യൂബിക് അടി വെള്ളം തമിഴ് നാട് കൊണ്ടുപോകുന്നുണ്ട് വൈദ്യുതി നിലയം നിർമ്മിക്കാൻ. ഇതിന് കേരളത്തിന്റെ അനുമതി വാങ്ങിയിട്ടില്ല. കോണ്ടൂർ കനാൽ നിർമ്മിച്ചതിന്റെ ഫലമായി ചിറ്റൂർ പുഴക്ക് 4000 മുതൽ 5000 വരെ ദശലക്ഷം ക്യൂബിക് അടി വെള്ളം കേരളത്തിന് നഷ്ടപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്.

പി.എ.പി കരാർ പുതുക്കലല്ല പുന:പരിശോധനയാണ് ഭാരതപ്പുഴയിൽ വെള്ളമൊഴുകാനുള്ള ഒരു പോംവഴി.

നിളയുടെ വരൾച്ചക്ക് മറ്റൊരു കാരണമായിരിക്കുന്നത് പുഴക്ക് വർഷം കഴിയുന്തോറും വർദ്ധിച്ചു വരുന്ന []ജലചായ്‌വാണ്[]. ഈ ദുരവസ്ഥക്ക് പ്രധാനകാരണം അനിയന്ത്രിതമായ മണൽ വാരലാണ്. മണൽവാരൽ അനിയന്ത്രിതമായി നടന്ന കഴിഞ്ഞ 15 വർഷത്തിനുള്ളിലാണ് നിള ഇത്രയധികം വറ്റിവരണ്ടത്. പട്ടാമ്പിപാലം കവിഞ്ഞൊഴുകിയും ലക്കിടിയിലും കുറ്റിപ്പുറത്തും തിരുനാവായിലും ചമ്രവട്ടത്തുമെല്ലാം കരക്ക് അതിരിട്ടും പുഴനിറഞ്ഞൊഴുകിയിരുന്നത് ഇന്ന് ഓർമ്മയായി മാറിയിരിക്കുന്നു.

വൃഷ്ടി പ്രദേശങ്ങളിലെ വനനശീകരണമാണ് നിളയുടെ നീരൊഴുക്കിനെ ബാധിക്കുന്ന മറ്റൊരു പ്രശ്നം. മംഗലം, നെല്ലിയാമ്പതി, വാളയാർ, മലമ്പുഴ, ധോണി എന്നിവടങ്ങളിൽ വനനശീകരണം വ്യാപകമാണ്. കാടുകളുടെ വ്യാപ്തി മാത്രമല്ല സാന്ദ്രതയും കുറഞ്ഞുവരുന്നു ഇത് പുഴയിലേക്കുള്ള നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്.